# അവക്കാഡോ കൃഷി

വിത്ത് മുളപ്പിച്ചോ ഗ്രാഫ്റ്റ് ചെയ്തോ തൈകൾ ഉത്പാദിപ്പിക്കാം. വിത്ത് മുളപ്പിച്ച് തൈകൾ ഉത്പാദിപ്പിക്കുമ്പോൾ കായഫലം ഉണ്ടാവാൻ ആറുവർഷം വരെ എടുത്തേക്കാം. അതേസമയം, ഗ്രാഫ്റ്റ് ചെയ്ത തൈകളിൽ മൂന്ന് മുതൽ നാലുവർഷത്തിനുള്ളിൽ ഫലം ഉണ്ടാകും.

നല്ല മഴയ്ക്ക് മുന്നേ ചെടികൾ നടുന്നതാണ് അനുയോജ്യം. നട്ടയുടൻ കടഭാഗത്ത് വെള്ളംകെട്ടി നിൽക്കുന്നത് ചെടി അഴുകാൻ കാരണമായേക്കും. 60 സെമീ നീളം, വീതി, താഴ്ചയുള്ള കുഴികളിൽ തൈകൾ നടാവുന്നതാണ്. മഴയുള്ള സമയത്താണ് നടുന്നതെങ്കിൽ നീർവാഴ്ച ഉറപ്പുവരുത്തണം. ചെടികളിൽ രോഗങ്ങൾ ഉണ്ടാവാനുള്ള സാധ്യത പരിഗണിച്ച് കൃത്യമായ പരിചരണം നൽകേണ്ടതുണ്ട്.

വെസ്റ്റ് ഇന്ത്യൻ, ഗ്വാട്ടിമാലൻ, മെക്സിക്കൻ ഹോർട്ടികൾച്ചറൽ ഇനങ്ങൾ എന്നിങ്ങനെ മൂന്ന് സസ്യ ഇനങ്ങളായി അവക്കാഡോകളെ തരംതിരിച്ചിരിക്കുന്നു. വെസ്റ്റ് ഇന്ത്യൻ വംശവും ഗ്വാട്ടിമാലൻ വംശജവും അതിന്റെ സങ്കരയിനങ്ങളുമാണ് ഉഷ്ണമേഖലാ കാലാവസ്ഥയ്ക്കും ഉപ ഉഷ്ണമേഖലാപ്രദേശങ്ങൾക്കും ഏറ്റവും അനുയോജ്യമായത്.

അവക്കാഡോയെ ഗ്രൂപ്പ് എ ഗ്രൂപ്പ് ബി കാറ്റഗറികളായി തരംതിരിച്ചിരിക്കുന്നു. അനുകൂല സാഹചര്യങ്ങളിൽ അവക്കാഡോ മരത്തിലെ പൂങ്കുലയിലെ ഓരോ പൂവും 24 മണിക്കൂറിനുള്ളിൽ രണ്ടുതവണ വിരിയുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് പൂക്കളെ എ ടൈപ്പ്, ബി ടൈപ്പ് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നത്.

ഗ്രൂപ്പ് എയിൽ ആദ്യത്തെ (പെൺ) വിരിയൽ രാവിലെ ആരംഭിച്ച് ഉച്ചയ്ക്ക് മുമ്പ് അവസാനിക്കുന്നു. രണ്ടാമത്തെ (ആൺ) വിരിയൽ അടുത്ത ദിവസം ഉച്ചകഴിഞ്ഞ് സംഭവിക്കുന്നു. പൂവിന്റെ വിരിയൽ ചക്രം 30–36 മണിക്കൂർ നീണ്ടുനിൽക്കും. ഗ്രൂപ്പ് ബിയിൽ വിപരീത പാറ്റേൺ നിരീക്ഷിക്കപ്പെടുന്നുണ്ട്. പെൺ വിരിയൽ ഉച്ചകഴിഞ്ഞും ആൺ വിരിയൽ പിറ്റേന്ന് രാവിലെയുമാണ്

സംഭവിക്കുന്നത്. ബി ടൈപ്പിൽ പൂവിന്റെ വിരിയൽ ചക്രം 20–24 മണിക്കൂർ നീണ്ടുനിൽക്കും.

ഹാസ്, പിങ്കെർട്ടൺ, റീഡ്, മെക്സിക്കോള, എറ്റിംഗർ, അർക്ക സുപ്രീം മുതലായവ എ ടൈപ്പ് കൃഷിയിനങ്ങളാണ്. ബേക്കൺ, ഷാർവിൽ, സുട്ടാനോ, മിഗുവൽ, അർക്ക കൂർഗ് രവി എന്നിവ ബി തരങ്ങളാണ്. മെച്ചപ്പെട്ട കായ്കൾ ശേഖരിക്കുന്നതിനായി എ ടൈപ്പ്, ബി ടൈപ്പ് കൃഷിയിനങ്ങൾ ഒരുമിച്ച് വളർത്തേണ്ടത് പ്രധാനമാണ്.

രാത്രിയിലെ കുറഞ്ഞ താപനില 12°C-ൽ കൂടുതലും ഗ്രൂപ്പ് എ ഇനങ്ങളിൽ പരമാവധി പകൽ താപനില 22°C-ൽ കൂടുതലോ ഗ്രൂപ്പ് ബി ഇനങ്ങളിൽ 26°C-ൽ കൂടുതലോ ആയിരിക്കുമ്പോൾ പൂവിടൽ സ്വഭാവം സാധാരണ രീതിയിലാണ് സംഭവിക്കുന്നത്. രാത്രിയും പകലും താപനില കുറയുമ്പോൾ, പെൺ, ആൺ പൂക്കൾ വിരിയുന്നത് വൈകും. ഈ കാലതാമസം ആൺ, പെൺ പൂക്കൾ ഒരുമിച്ച് വിരിയുന്നതിലേക്ക് നയിക്കുന്നു, ഇത് ഒരേ ഇനത്തിൽപ്പെട്ട ഇനങ്ങളിൽ അടുത്ത പരാഗണത്തിനും ഒരേ പൂച്ചെടികളുടെ ഗ്രൂപ്പിലെ ഇനങ്ങളിൽ ക്രോസ്-പരാഗണത്തിനും കാരണമാകുന്നു.